യേഷാം ഖലു മഹായോഗീ ഭരതോ ജ്യേഷ്ഠ: ശ്രേഷ്ഠ ഗുണ
ആസിദ്യേനേദം വർഷം ഭാരതമിതി വ്യപദിശന്തി (5-4-9)

ശുകമുനി തുടർന്നു: നാഭിരാജൻെറ പുത്രൻ ചെറുപ്പത്തിലേ തന്നെ ദൈവീകപ്രഭാവം പ്രസരിപ്പിച്ചിരുന്നു. ജനിച്ചപ്പോഴേ മനസ്സും ഇന്ദ്രിയങ്ങളും നിയന്ത്രണത്തിലാക്കിയിരുന്നതുമൂലം തികച്ചും ദിവ്യമായ സവിശേഷതകൾ ശിശുവിൽ കാണായി. നാഭിരാജൻ പുത്രന് ഋഷഭൻ (അഗ്രഗണ്യൻ) എന്നു പേരിട്ടു. സ്വർഗ്ഗരാജാവായ ഇന്ദ്രന് ഋഷഭനോട് അസൂയയായിരുന്നു. അതുകൊണ്ട് നാഭിരാജൻെറ അതിർത്തിയിലെങ്ങും മഴപെയ്യാതെ ഇന്ദ്രൻ തടഞ്ഞുവെച്ചു. ഋഷഭൻ ആ വിവരമറിഞ്ഞ് പൊട്ടിചിരിച്ചു. അതിൻെറ പ്രഭാവത്തിൽ നാടെങ്ങും മഴയും പെയ്തു. ഇങ്ങിനെയൊക്കെ ദിവ്യത കാട്ടിയിരുന്നുവെങ്കിലും നാഭിരാജന് ഋഷഭൻ തൻെറ പ്രിയപുത്രനായിരുന്നു. ഭഗവാൻെറ മായ തന്നെ!

രാജ്യവാസികളെല്ലാം ഋഷഭനെ വളരെയധികം സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്നു എന്നു മനസ്സിലാക്കിയ രാജാവ് നല്ല മുഹൂർത്തം നോക്കി പുത്രനെ രാജ്യഭാരം ഏൽപ്പിച്ചു. നാഭിരാജൻ വനവാസത്തിനായി വിശാല എന്നയിടത്തേക്ക് ഭാര്യയുമൊന്നിച്ച് പോയി, അവിടെ ഭഗവൽപൂജയിൽ മുഴുകി ജീവിച്ചു. നരനായും നാരായണനായും ഭഗവാനെ ധ്യാനിച്ച് അവർ ആ സവിധത്തിൽത്തന്നെ സാക്ഷാത്ക്കാരം നേടി.

ഋഷഭൻെറ ജീവിതവും രാജ്യഭരണവും ജീവിതത്തിൻെറ പരമോന്നതലക്ഷ്യത്തെ പ്രകടമാക്കി, പ്രജകൾക്കു വഴികാട്ടിയായി. ആദ്യം ഒരു ഗുരുനാഥൻെറ കൂടെ താമസിച്ച് ഉത്തമമായ വിദ്യാർത്ഥിജീവിതത്തിനു മാതൃകയായി. ഭഗവൽരൂപം തന്നെയായ ഋഷഭൻ ഗുരുനാഥനുവേണ്ട വരങ്ങൾ നൽകി, വിദ്യാഭ്യാസം കഴിഞ്ഞ് തിരികെ കൊട്ടാരത്തിൽ വന്ന് ഗൃഹസ്ഥാശ്രമജീവിതം തുടങ്ങി. ഇന്ദ്രൻ സ്വയം കന്യാദാനം നൽകിയ ജയന്തിയായിരുന്നു ഋഷഭൻെറ പത്നി. അവർക്ക് നൂറ് പുത്രന്മാരുണ്ടായി. അതിൽ മൂത്തപുത്രനായ ഭരതൻെറ പേരിലാണ് ഭാരതവർഷം അറിയപ്പെടുന്നത്. ഭരതൻ ഉന്നതനായ യോഗിയായിരുന്നു. മറ്റു പുത്രന്മാരായ കവി, ഹരി, അന്തരീക്ഷ, പ്രബുദ്ധ, പിപ്പലായന, ആവിർഹോത്ര, ദ്രുമില, ചമസ, കരഭജന എന്നിവരെല്ലാം ഭഗവൽഭക്തരായിരുന്നു. മറ്റ് 81 പേരും ഭക്തഗണത്തിൽപ്പെട്ട് ഉത്തമജീവിതം നയിച്ചതുകൊണ്ട് ജന്മനാൽ ക്ഷത്രിയരെങ്കിലും അവർ ബ്രാഹ്മണരായിത്തീർന്നു.

ഋഷഭരാജൻ ഭരണത്തിനും ഗൃഹസ്ഥാശ്രമധർമ്മത്തിനും മാതൃകയായി ജീവിച്ചു. രാജ്യവാസികളിൽ ധർമ്മ ബോധം കൈവരുത്തി, അധർമ്മത്തെ പാടെ ഇല്ലാതാക്കി. കള്ളവും ചതിയും ഇല്ല. അന്യൻെറ ധനം ആഗ്രഹിക്കുന്നതുപോലും ഇല്ലാതായി. ജനങ്ങൾ ഋഷഭനോടുള്ള ആദരവിലും ആരു മുമ്പിലെന്ന മട്ടിൽ മത്സരിച്ചു.

ഒരുദിവസം ഋഷഭൻ തൻെറ പ്രജകളോട് ഇങ്ങിനെ അഭിസംബോധന ചെയ്തു സംസാരിച്ചു.